**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **12-09-2023 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിലെ പ്രവൃത്തികൾ ചെയ്യുന്നതിന് എസ്.പി.വി. ആയി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കായിക വകുപ്പിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എസ് .പി . വി ആയി നിയോഗിച്ചിട്ടുള്ള ഏക ഏജൻസി സ്പോർട്സ് കേരള ഫൗണ്ടേഷൻ മാത്രമാണ് . |
| (ബി) | കിഫ്ബി യുടെ എസ്.പി.വി ആയിപ്പോലും നിയോഗിക്കപ്പെട്ടിട്ടുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന് എൻജിനീയറിങ് വിഭാഗം ഉണ്ടായിരിക്കെ കായിക വകുപ്പിലെ പ്രവൃത്തികൾ മറ്റ് ഏജൻസികളെ കൊണ്ട് ചെയ്യിക്കുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ? | (ബി) | കായിക വകുപ്പിലെ പ്രവൃത്തികൾ ചെയ്യുന്നതിന് ആദ്യ ഘട്ടത്തിൽ കിറ്റ്കോയെ ആയിരുന്നു എസ് പി വി ആയി നിയോഗിച്ചിരുന്നത്. എന്നാൽ കായിക വകുപ്പിന് കീഴിൽ 01.10.2021 തീയതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ നിലവിൽ വരുകയും 11.05.2022 ലെ ജി.ഒ ( ആർടി ) നം 118/ 2022/ കായുവ പ്രകാരം കായിക വകുപ്പിന് കീഴിലുള്ള കായിക അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ എസ് പി വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് . |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കായികയുവജനകാര്യ വകുപ്പ് - കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായികയുവജനകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.118/2022/S&YA  തീയതി,തിരുവനന്തപുരം, 11-05-2022

---

പരാമർശം:-

1. സ.ഉ (സാധാ) നം.99/2017/കാ.യു.വ തീയതി 27.05.2017.
2. സ.ഉ (കൈ) നം.6/2021/കാ.യു.വ തീയതി 26.02.2021.
3. സ.ഉ (കൈ) നം.8/2021/കാ.യു.വ തീയതി 07.07.2021.
4. കായികയുവജനകാര്യ ഡയറക്ടറുടെ 03.11.2021-ലെ A2-5628/21/DSYA നമ്പർ കത്ത്.

**ഉത്തരവ്**

കായിക വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി പരിഗണിക്കണമെന്ന് കായികയുവജനകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3) ഇതു സംബന്ധിച്ച് കായികയുവജനകാര്യ ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ശിവശങ്കർ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, സ്പോർട്സ് കേരള ഫൗണ്ടേഷൻ, തിരുവനന്തപുരം.

Scanned with CamScanner

സ.ഉ.(സാധാ) നം.118/2022/S&YA

ശ്രീ.രാജേഷ്.ജി, ഗ്രൂപ്പ് ഹെഡ്, കിറ്റ്കോ, ഫെമിത് സ്, പി.ബി.നം.4407, പുതിയ റോഡ്, എൻ.എച്ച്.ബൈപാസ്, വെണ്ണല, കൊച്ചി-682028.

പ്രോജക്റ്റ് മാനേജർ, കിഫ്ബി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (അനൗദ്യോഗിക ഫയൽ നമ്പർ:1929265/EDN-B1/453/2021-FIN തീയതി 19.04.2022)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കായികയുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

കായികയുവജനകാര്യ ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്

Scanned with CamScanner